പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **6773** 04/04/2018 ൽ മറുപടിക്ക്

**വില്ലേജ് ഓഫീസുകളിലെ ജോലി ഭാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ വില്ലേജ് ഓഫീസുകളിൽ ജോലി ഭാരം കണക്കിലെടുത്ത് കമ്പ്യൂട്ടർ വൽക്കരണ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) വില്ലേജ് ഓഫീസുകളിൽ കൂടുതൽ തസ്തിക അനുവദിക്കുമോ; | (ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ജോലിഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) പ്രസ്തുത വകുപ്പിലെ ടൈപ്പിസ്റ്റിനെ വില്ലേജ് ഓഫീസുകളിൽ നിയമിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

റവന്യൂ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലുമാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

### 1. ഇ-ഡിസ്ട്രിക്ട്

വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി 24 ഇനം സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകി വരുന്നു.

### 2. ഭൂവിവരങ്ങളുടെ ഡിജിറ്റൈസേഷൻ (Textual Data Digitization)

ഭൂമി സംബന്ധിച്ച എല്ലാ രേഖകളുടെയും കമ്പ്യൂട്ടർവത്കരണം മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സർവ്വേ സെറ്റിൽമെന്റ് രേഖകളുടെ നാളതീകരണം, രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണം, കമ്പ്യൂട്ടർ ശൃംഖലയിലൂടെ റവന്യൂ - സർവ്വേ രജിസ്ട്രേഷൻ വകുപ്പുകളുടെ ഏകോപനം തുടങ്ങിയവയാണ് ഭൂരേഖാ കമ്പ്യൂട്ടർവത്കരണ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. നാളിതുവരെ 1,09,60,365 ബി.ടി.ആർ.റെക്കോർഡുകളും, 1,81,61,281 തണ്ടപ്പേർ റെക്കോർഡുകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.

### 3.സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 509 എണ്ണത്തിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു. ഈ സംവിധാനത്തിലൂടെ സംസ്ഥാനത്താകമാനം 7,03,088 ഓൺലൈൻ പോക്കുവരവുകൾ നാളിതുവരെ നടത്തിയിട്ടുമുണ്ട്.

### 4.ഇ- പെയ്മെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നികുതിദായകർക്ക് വില്ലേജ് ഓഫീസിൽ പോകാതെ നേരിട്ട് നികുതിഅടയ്ക്കുവാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനങ്ങളാണ് ഇ-

പേയ്മെന്റിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1509 എണ്ണത്തിൽ ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

5..**ആർ.ആർ.ഓൺലൈൻ**

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ